(സി) ചോദ്യം വ്യക്തമല്ലാത്തതിനാൽ മറുപടി പറയാൻ സാദ്ധ്യമല്ല.

(ഡി) ഇല്ല.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: രജിസ്റ്റർ ചെയ്തതിനുശേഷം ആ രജിസ്ട്രേഷനെപ്പറ്റി എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: അങ്ങനെ അന്വേഷണം നടത്തേണ്ട ആവശ്യമില്ല. രജിസ്റ്റർ ചെയ്യുന്നവർക്ക് അവിടെത്തന്നെ താമസിക്കാം.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: രജിസ്റ്റർ ചെയ്യുവരെ ഇറക്കിവിടുന്നതായി അറിയാമോ?

ശ്രീ. എ. ജെ. ജാൺ: അതാണ് ഞാൻ ഇല്ല എന്നു പറഞ്ഞത്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: രജിസ്റ്റർ ചെയ്യുന്നതിനുള്ള കാലാവധി എത്രയാണ്?

ശ്രീ. എ. ജെ. ജാൺ: കാലാവധി രണ്ടുപ്രാവശ്യം നീട്ടി കൊടുത്തിട്ടുണ്ട്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: പലർക്കും ഇനിയും രജിസ്റ്റർ ചെയ്യാൻ സാധിച്ചിട്ടില്ലെന്നു അറിയാമോ?

ശ്രീ. എ. ജെ. ജാൺ: എല്ലാവർക്കും രജിസ്റ്റർ ചെയ്യുന്നതിനുവേണ്ടിയാണ് രണ്ടുപ്രാവശ്യം കാലാവധി നീട്ടി കൊടുത്തിട്ടുള്ളത്.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: നമ്മുടെ സംസ്ഥാനത്തേക്കു വിട്ടുകിട്ടിയ അഞ്ചുതെങ്ങ്, തങ്കശ്ശേരി, മുതലായ സ്ഥലങ്ങളിലുള്ള ആളുകൾക്കു രജിസ്റ്റർ ചെയ്യുന്നതിനു കാലാവധി ഇനിയും നീട്ടി കൊടുക്കുമോ?

ശ്രീ. എ. ജെ. ജാൺ: അതിനെപ്പറ്റി ആലോചിക്കുന്നതാണ്.

ശ്രീ. പി. നാണു: രജിസ്റ്റർചെയ്ത എണ്ണം പറഞ്ഞതു് രജിസ്റ്റർ ചെയ്തവരുടെ എണ്ണമോ, രജിസ്റ്റർ ചെയ്യാൻ അപേക്ഷിച്ചിട്ടുള്ളവരുടെ എണ്ണമോ?

ശ്രീ. എ. ജെ. ജാൺ: രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ എണ്ണമാണ്.

ശ്രീ. പി. നാണു: രജിസ്റ്റർ ചെയ്തതിനെ സംബന്ധിച്ചു് ആക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: അതിനെപ്പറ്റി അറിവില്ല.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: രജിസ്റ്റർ ചെയ്തതുകൊണ്ടു് അവർക്കു ഇറങ്ങിപ്പോകേണ്ട ആവശ്യം വരികയില്ലെന്നാണോ ഗവൺമെണ്ടു് പറയുന്നതു്?

ശ്രീ. എ. ജെ. ജാൺ: അങ്ങനെയാണ് നിയമത്തിലെ വ്യവസ്ഥ.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: രജിസ്റ്റർ ചെയ്യാൻ കൊടുക്കുന്ന അപേക്ഷകൾ വളരെയധികം തള്ളിയിട്ടുണ്ടെന്നു ഗവൺമെണ്ടിനറിയാമോ?

ശ്രീ. എ. ജെ. ജാൺ: രജിസ്റ്റർ ചെയ്യുന്നതിനു യോഗ്യതയില്ലാത്ത അപേക്ഷകൾ ആയിരിക്കും തള്ളിയിട്ടുള്ളതു്.

ഭൂനികുതി മാനദണ്ഡം

*൩൨൩. (൨) ശ്രീ. ഡി. കെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ദയവുചെയ്തു മറുപടി പറയുമോ.—

(എ) കഴിഞ്ഞ അസംബ്ലിയിൽ ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രി ഉറപ്പു പറഞ്ഞതനുസരിച്ചു് കൊച്ചിവിഭാഗത്തെ ഭൂനികുതിയിൽ വല്ല കുറവും വരുത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ എതു മാനദണ്ഡമനുസരിച്ചാണു് അങ്ങിനെ ചെയ്തിട്ടുള്ളതു്;

(സി) ഇല്ലെങ്കിൽ അതു എന്നത്തേക്കു പൂർത്തിയാകും?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജാൺ): (എ) കൊച്ചി വിഭാഗത്തിലെ ഭൂനികുതി ഉടനെ കുറവുവരുത്തുന്നതാണെന്നു റവന്യൂമന്ത്രി കഴിഞ്ഞ അസംബ്ലിയിൽ ഉറപ്പുപറഞ്ഞിട്ടില്ല. ഭൂനയക്കമ്മിറ്റിയുടെ റിപ്പോർട്ടുകിട്ടിയതിനുശേഷം ആ കാര്യത്തെപ്പറ്റി തീരുമാനമുണ്ടാക്കാമെന്നാണു് പറഞ്ഞിട്ടുള്ളതു്. കമ്മിറ്റിയുടെ റിപ്പോർട്ടു് ഇതേവരെ കിട്ടിയിട്ടില്ല.

(ബി) ഉദിക്കുന്നില്ല.

(സി) ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. വി കെ. ജോസഫ്: കാർഷികാദായനികുതി ബില്ലിന്റെ ചർച്ചാവേളയിൽ ഈ നികുതി കുറവുചെയ്യാമെന്നു് ബഹു. മന്ത്രി പറഞ്ഞിട്ടില്ലേ?

ശ്രീ. എ. ജെ. ജാൺ: എന്നു പറഞ്ഞിട്ടില്ല.

ശ്രീ. കെ. കരുണാകരൻ: ഇതിനെപ്പറ്റി ആലോചിക്കാമെന്നു ബഹു മന്ത്രി പറഞ്ഞിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: എന്നു പറഞ്ഞിട്ടുണ്ടു്. അതിലേക്കാണു് ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുള്ളതു്.

ശ്രീ. ഇട്ടീര അമ്മുക്കൻ: ഭൂനികുതിയിനത്തിൽ കൊച്ചിയിൽനിന്നു എന്തു വരവുണ്ടെന്നു പറയാമോ?

ശ്രീ. എ. ജെ. ജാൺ: ഏ ഒ ലക്ഷത്തോളം രൂപാ.

ശ്രീ. ഇട്ടീര അമ്മുക്കൻ: തിരുവിതാംകൂറിൽനിന്നു എന്തു വരവുണ്ടെന്നു പറയാമോ?

ശ്രീ. എ. ജെ. ജാൺ: ന ഫ ലക്ഷത്തോളം രൂപാ.

ശ്രീ. ഇട്ടീര അമ്മുക്കൻ: കൊച്ചിയെക്കാൾ നാലിരട്ടി വരേണ്ട തിരുവിതാംകൂറിനു് ഇത്രയും സംഖ്യയേ വരാനുള്ളോ?

Mr. Speaker: That is an argument leading to a discussion.

തിരുവിതാംകൂർ-കൊച്ചി സെക്രട്ടേറിയേറ്റ് സർവ്വീസിന്റെ സംയോജനം

*ന ഫ ൭. (൯) ശ്രീ. എ. എൽ. ജേക്കബ്: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ചീഫ് മന്ത്രി സദയം മറുപടി നൽകുമോ.—

തിരുവിതാംകൂർ-കൊച്ചി സെക്രട്ടറിയേറ്റ് സർവ്വീസിന്റെ സംയോജനം നടന്നുകഴിഞ്ഞുവോ; ഇല്ലെങ്കിൽ അതിനുള്ള പ്രതിബന്ധമെന്താണു്?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള): ഈ ചോദ്യത്തിനു് ഇതിനുമുൻപുതന്നെ ഉത്തരം പറഞ്ഞിട്ടുള്ളതാണു്.

ഉദ്യോഗസ്ഥന്മാരുടെ പേരിൽ നടപടി

*ന ഫ വ. (൧൦) ശ്രീ. കെ. കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി നൽകുമോ.—

കഴിഞ്ഞ ആറുമാസങ്ങൾക്കുള്ളിൽ ഏതെല്ലാം ഉദ്യോഗസ്ഥന്മാരുടെ പേരിൽ എന്തെല്ലാം കുറ്റങ്ങൾക്കു് നടപടി നടത്തിയിട്ടുണ്ടു്?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള): ഇതിന്റെ വിശദാംശങ്ങൾ ലഭിച്ചുകഴിഞ്ഞിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly